# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 416** | **28/06/2012 -ൽ മറുപടിക്ക്**

## സ്കൂളുകളിൽ ലൈഫ് സ്കിൽ ക്ലബുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.ഡി. സതീശൻ<br>ശ്രീ. പി.സി. വിഷ്ണുനാഥ്<br>ശ്രീ. സി.പി. മുഹമ്മദ്<br>ശ്രീ. റ്റി.എൻ. പ്രതാപൻ | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |

| | |
|---|---|
| (എ) സംസ്ഥാനത്തെ സ്കൂളുകളിൽ ലൈഫ് സ്കിൽ ക്ലബ്ബുകൾ തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) ഹയർ സെക്കണ്ടറി തലത്തിലും വൊക്കേഷണൽ ഹയർ സെക്കണ്ടറി തലത്തിലും വിദ്യാർത്ഥികളുടെ "ലൈഫ് സ്കിൽ" ഡെവലപ്പ്മെന്റിനായി "സൗഹൃദ ക്ലബുകൾ" ഇപ്പോൾ പ്രവർത്തിച്ച് വരുന്നുണ്ട്. ഇത് സെക്കണ്ടറി തലത്തിൽ കൂടി തുടങ്ങുവാൻ ഉദ്ദേശിക്കുന്നു. |
| (ബി) ഈ ക്ലബ്ബുകളുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാം ; | (ബി) വിദ്യാർത്ഥികളുടെ ശാരീരികവും മാനസിക വുമായ വളർച്ചയും സാമൂഹ്യബോധം മെച്ചപ്പെടുത്തുകയും അവയിലൂടെ കുട്ടിക ളുടെ ലൈഫ് സ്കിൽ വികസിപ്പിക്കുകയു മാണ് ഈ ക്ലബ്ബുകളുടെ ഉദ്ദേശ്യം. ജാതി, മത, വർണ്ണ വ്യത്യാസമില്ലാതെ കുട്ടികൾക്ക് അവരുടെ കഴിവുകൾ പ്രകടമാക്കാവുന്ന ഒരു വേദികൂടിയായിട്ടാണ് ഇത്തരം ക്ലബ്ബു കൾ വിഭാവനം ചെയ്തിട്ടുള്ളത്. വിമർശ നാത്മക ചിന്ത, തീരുമാനമെടുക്കാനുള്ള കഴിവ്, പ്രശ്നപരിഹാര കഴിവുകൾ, വിവര ശേഖരണത്തിനുള്ള കഴിവ്, വാചികവും |

അല്ലാതെയുമുള്ള ആശയവിനിമയ കഴിവുകൾ, ഗാഢമായ ശ്രദ്ധ, മറ്റുള്ളവരെ മനസ്സിലാക്കി പ്രതികരിക്കാനുള്ള കഴിവ് എന്നിവയുടെ വികസനവും ഇതുകൊണ്ട് ഉദ്ദേശിക്കുന്നു.

(സി) ഇതിനായി അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും പ്രത്യേക പരിശീലന പാഠ്യപദ്ധതി തയ്യാറാക്കുമോ;

(ഡി) ഇതിനായി പ്രത്യേക പരിശീലന പാക്കേജ് ആവിഷ്ക്കരിക്കുന്ന കാര്യം പരിഗണിക്കുമോ ?

<u>(സി) ആന്റ് (ഡി)</u>

ഹയർ സെക്കണ്ടറി/വൊക്കേഷണൽ ഹയർ സെക്കണ്ടറി തലത്തിൽ ഇപ്പോൾ പരിശീലനം നൽകിവരുന്നുണ്ട്. എല്ലാ സ്കൂളുകളിൽ നിന്നും ഒരു അദ്ധ്യാപകൻ അല്ലെങ്കിൽ അദ്ധ്യാപികയെ തിരഞ്ഞെടുത്ത് ഓൺലൈൻ പരിശീലനം നൽകുന്നു. ഇങ്ങനെ പരിശീലനം നൽകുന്ന കോ-ഓർഡിനേറ്റർമാരിലൂടെയാണ് 'സൗഹൃദ ക്ലബ്ബുകൾ' രൂപീകരിക്കുന്നത്. പരിശീലന പദ്ധതി സെക്കണ്ടറിതലത്തിൽ കൂടി നടപ്പാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ